**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5412** **21-03-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയിൽ ഗുരുവായൂർ മണ്ഡലത്തിൽ നിന്നും എത്രപേർ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇവരിൽ എത്ര കർഷകർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുവെന്നും വിശദമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിനു കീഴിലുള്ള ചാവക്കാട്, തളിക്കുളം എന്നീ ബ്ലോക്കുകളിലായി യഥാക്രമം 15 ക്ഷീരകർഷകരും 1 ക്ഷീരകർഷകനും ക്ഷീരസാന്ത്വനം പദ്ധതിയിൽ എൻറോൾ ചെയ്തിട്ടുള്ളതും, ആയതിൽ ചാവക്കാട് ബ്ലോക്കിൽ ക്ഷേമനിധി അംഗങ്ങളായ 8 ക്ഷീര കർഷകർക്ക് 25,400/-രൂപയും തളിക്കുളം ബ്ലോക്കിലുൾപ്പെട്ട ഏങ്ങണ്ടിയൂർ ക്ഷീരസംഘത്തിലെ ഒരാൾക്ക് 3,175/-രൂപയും ക്ഷേമനിധിയിൽ നിന്നും സബ്സിഡി ആനുകൂല്യം ലഭിച്ചിട്ടുണ്ട്. |
| (ബി) | ക്ഷീരകർഷക ക്ഷേമനിധിയിലെ എല്ലാ അംഗങ്ങളേയും പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് ആരോഗ്യ സുരക്ഷിതത്വവും ആശ്വാസവും ഉറപ്പാക്കുന്നതിനാണ് ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചത്. ക്ഷീരകർഷകരുടെ ആരോഗ്യത്തിനും ജീവനും സുരക്ഷിതത്വം ലഭിക്കുന്നതിനാൽ പദ്ധതി വളരെയധികം പ്രാധാന്യം അർഹിക്കുന്നു.<br><br>2024-25-ൽ ഇ-ടെൻഡർ മുഖാന്തിരം തെരഞ്ഞെടുത്ത ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും ആണ് നിർവ്വഹണ ഏജൻസികൾ. ആരോഗ്യ പരിരക്ഷ ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയും ജീവനുള്ള സുരക്ഷ എൽ.ഐ.സിയും ഉറപ്പാക്കുന്നു. AMEX ഇൻഷ്വറൻസ് ബ്രോക്കേഴ്സ് എന്ന കമ്പനിയെയാണ് പദ്ധതിയുടെ ബ്രോക്കിംഗ് ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ക്ഷീരസാന്ത്വനം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിൽ വച്ച് സംഘടിപ്പിക്കുകയും പദ്ധതി വിശദാംശങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ കർഷകരിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നോട്ടീസുകൾ മുഖേനയും പത്രമാധ്യമം, മീഡിയ, ഫാം ഇൻഫർമേഷൻ ബ്യൂറോ തുടങ്ങിയവയിലൂടെ |

| | | | |
|---|---|---|---|
| | | | ജനങ്ങളിലേക്ക് എത്തിക്കുകയും പോസ്റ്ററുകൾ തയ്യാറാക്കി ക്ഷീരസംഘങ്ങൾ, ക്ഷീരവികസന യൂണിറ്റുകൾ, ജില്ലാ ഓഫീസുകൾ മുഖേന ക്ഷീരകർഷകരിൽ എത്തിക്കുകയും ആയത് ക്രോഡീകരിക്കുന്നതിലേക്ക് ഫീൽഡ് തലത്തിൽ ഉദ്യോഗസ്ഥരെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷീരകർഷകർക്ക് എളുപ്പത്തിൽ അപേക്ഷകൾ ഫോൺ മുഖേന സമർപ്പിക്കുന്നതിന് അവസരം ഒരുക്കുകയും എല്ലാ ജില്ലാ ഓഫീസുകൾക്കും പരമാവധി ക്ഷീരകർഷകരെ ഉൾപ്പെടുത്തി പദ്ധതി ആനുകൂല്യം ലഭ്യമാകുന്നതിന് ടാർജറ്റുകൾ നിശ്ചയിച്ചു നൽകുകയും പദ്ധതിയുടെ കൃത്യമായ ഇടവേളകളിൽ അവലോകനയോഗങ്ങൾ കൂടി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ